**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3422 — 14/07/2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## പോഷകാഹാരക്കുറവ് മൂലം മരിച്ച കുട്ടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | 2011 മെയ് മാസത്തിനു ശേഷം പോഷകാഹാരക്കുറവ് മൂലം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികൾ മരിച്ചെന്നു വ്യക്തമാക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ 72 കുട്ടികൾ മരണപ്പെട്ടിട്ടുണ്ട്.<br>അമ്മമാരുടെ പോഷകാഹാരക്കുറവ്മൂലമുള്ള കുട്ടികളിലെ ഭാരക്കുറവും ആരോഗ്യക്കുറവുമാണ് ഭൂരിപക്ഷം മരണങ്ങൾക്കും പ്രധാന കാരണമെന്ന് ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | മരിച്ച കുട്ടികളുടെ എണ്ണം 0 - 6 വയസ്സ്, 6 - 12 വയസ്സ് എന്നു തരം തിരിച്ച ലഭ്യമാക്കുമോ; | (ബി) | 0 – 6 വയസ്സുവരെ 70 കുട്ടികൾ<br>6 – 12 വയസ്സുവരെ 2 കുട്ടികൾ സിക്കിൾ സെൽ അനീമിയ മൂലം മരണപ്പെട്ടിട്ടുണ്ട്. |
| (സി) | പോഷകാഹാരക്കുറവു മൂലമുള്ള ശിശു മരണം തടയുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാ ക്കാമോ? | (സി) | 2013 ലെ ശിശുമരണത്തെത്തുടർന്ന് നടപ്പിലാക്കിയ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി, ശബല പദ്ധതി, അമൃതം ന്യൂട്രിഷൻ മിക്സ് വിതരണം, ആരോഗ്യവകുപ്പിന്റെ ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, ജാതക്-ജനനി സോഫ്റ്റ് വെയർ, പട്ടികവർഗ്ഗ ഗർഭിണികൾക്ക് അയൺ-ഫോളിക് ആസിഡ് ഗുളികകൾ എന്നിവയുടെ വിതരണം, സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യ സഹായ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. SAM/MAM (സിവിയർ അക്യൂട്ട് മാൽ ന്യൂട്രിഷൻ/മീഡിയം അക്യൂട്ട് മാൽന്യൂട്രിഷൻ) കുട്ടികളെ ന്യൂട്രിഷൻ റിഹാബിലിറ്റേഷൻ സെന്ററിലേയ്ക്ക് യഥാസമയം കൊണ്ടുപോയി വരുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് യാത്രാചെലവ് നൽകിവരുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും എ.പി.എൽ/ബി.പി.എൽ ഭേദമന്യേ പ്രതിമാസം 1000/- രൂപ ധനസഹായമായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മണിയോർഡറായി അയച്ചുനൽകുന്നു. ടി ധനസഹായം പരമാവധി 18 മാസം ലഭ്യമാക്കുന്നു. ആയതിലൂടെ ടി വിഭാഗക്കാർക്ക് ആവശ്യമായ പോഷകാഹാരം വാങ്ങി കഴിക്കുന്നതിന് സാധ്യമാകുന്നു. വകുപ്പിന്റെ മെഡിക്കൽ യൂണിറ്റുകളുടെ സേവനം തൃപ്തികരമായ നിലയിൽ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ